## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3932** **21.06.2018 -ൽ മറുപടിയ്ക്ക്**

## വിനോദ സഞ്ചാര വകുപ്പിലെ ഡ്രൈവർ നിയമനം

ചോദ്യം
ശ്രീ.എം. വിൻസെന്റ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വിനോദ സഞ്ചാര വകുപ്പിന് സ്വന്തമായി എത്ര വാഹനങ്ങൾ (എൽ.ഡി.വി) ഉണ്ട്; എത്ര ഡ്രൈവർ (എൽ.ഡി.വി) തസ്തിക ഉണ്ട്; | എ) | കേരളത്തിലെ വിനോദ സഞ്ചാര വകുപ്പിന് സ്വന്തമായി 126 വാഹനങ്ങൾ ഉണ്ട്. ടൂറിസം വകുപ്പിൽ 45 ഷോഫർ ഗ്രേഡ് II തസ്തികയും 45 ഷോഫർ ഗ്രേഡ് I തസ്തികയും 4 ഹെഡ് ഷോഫർ തസ്തികയുമാണ് നിലവിലുള്ളത്. |
| ബി) | പ്രസ്തുത വകുപ്പിന് കീഴിൽ എത്ര സ്ഥിരം ഡ്രൈവർമാർ (എൽ.ഡി.വി) ജോലി ചെയ്യുന്നു; | ബി) | മേൽ തസ്തികകളിൽ ആകെ 83 പേർ സ്ഥിരം ജോലി ചെയ്യുന്നുണ്ട്. |
| സി) | എത്ര താൽകാലിക ഡ്രൈവർമാർ (എൽ.ഡി.വി) ജോലി ചെയ്യുന്നു; | സി) | 11 പേർ |
| ഡി) | ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ട് എന്നറിയിക്കാമോ; | ഡി) | വാഹനങ്ങൾ കാലപ്പഴക്കം മൂലം ഉപയോഗ ശൂന്യമാകുമ്പോഴാണ് പുതിയത് അനുവദിക്കുന്നത്. ആയതിനാൽ അതിനോടൊപ്പം പുതിയ ഷോഫർ തസ്തിക അനുവദിക്കുന്നത് പ്രായോഗികമല്ല. |
| ഇ) | ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോൾ (ജി.ഒ .(എം.എസ്) നം/42/88/പി ആന്റ്എആർഡി) ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് ജോലി നൽകാൻ സർക്കാർ തയ്യാറാകുമോ? | സി) | പി.എസ്.സി മുഖേന നികത്തേണ്ട ഷോഫർ തസ്തികകളിലെ ഒഴിവുകൾ പി എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ